**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3742** **12-03-2025 - ൽ മറുപടിയ്ക്ക്**

**റോളർ സ്പോർട്സിനുള്ള സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്ക്/പരിശീലനത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി Banked Track & Road Circuit നിർമ്മിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇതിനായി സ്വീകരിച്ച നടപടിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | എല്ലാ ജില്ലയിലും സ്കേറ്റിങ് പാർക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലെ ഒരു കൂട്ടം വിദ്യാർഥികളിൽ നിന്നും കായിക യുവജനകാര്യാലയത്തിന് ലഭ്യമായ അപേക്ഷയിമേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കേരള സ്പോർട്സ് കൗൺസിലിനോട്ടും സ്കേറ്റിങ് അസോസിയേഷനോട്ടും ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ നിലവിൽ ലഭ്യമായ ഏതെങ്കിലും കളിസ്ഥലവുമായി ബന്ധപ്പെടുത്തി റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്ക് / പരിശീലനത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി Banked Track & Road Circuit നിർമ്മിക്കുന്നതിനായുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ സ്ഥല സൗകര്യം, എസ്റ്റിമേറ്റ്, ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യത എന്നിവയിന്മേലുള്ള പരിശോധനയിൽ നിലവിൽ തിരുവനന്തപുരത്ത് ചെയ്തു വരുന്ന ഗ്രൗണ്ടുകളിലൊന്നും റോളർ സ്കേറ്റിംഗിന് അനുയോജ്യമായത് കണ്ടെത്താൻ കഴിയാത്ത പശ്ചാത്തലത്തിൽ യൂണിവേഴ്സിറ്റി അധികൃതരുമായി സംസാരിക്കുകയും കാര്യവട്ടം ക്യാമ്പസിൽ പ്രസ്തുത ഗ്രൗണ്ടിന് അനുയോജ്യമായ സ്ഥലം അനുവദിച്ച് നൽകാമെന്ന് യൂണിവേഴ്സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | റോളർ സ്പോർട്സ് പരിശീലനത്തിനായി Banked Track & Road Circuit നിർമ്മിക്കുന്നതിനായി കായിക യുവജന കാര്യാലയം/സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവയുടെ | (ബി) | എല്ലാ ജില്ലയിലും സ്കേറ്റിങ് പാർക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലെ ഒരു കൂട്ടം വിദ്യാർഥികളിൽ നിന്നും കായിക യുവജനകാര്യാലയത്തിന് ലഭ്യമായ അപേക്ഷയിമേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കേരള |

| | | | |
|---|---|---|---|
| | പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | | സ്പോർട്സ് കൗൺസിലിനോടും സ്കേറ്റിങ് അസോസിയേഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ നിലവിൽ ലഭ്യമായ ഏതെങ്കിലും കളിസ്ഥലവുമായി ബന്ധപ്പെടുത്തി റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്ക് / പരിശീലനത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി Banked Track & Road Circuit നിർമ്മിക്കുന്നതിനായുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ സ്ഥല സൗകര്യം, എസ്റ്റിമേറ്റ്, ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യത എന്നിവയിന്മേലുള്ള പരിശോധനയിൽ നിലവിൽ തിരുവനന്തപുരത്ത് ചെയ്തു വരുന്ന ഗ്രൗണ്ടുകളിലൊന്നും റോളർ സ്കേറ്റിംഗിന് അനുയോജ്യമായത് കണ്ടെത്താൻ കഴിയാത്ത പശ്ചാത്തലത്തിൽ യൂണിവേഴ്സിറ്റി അധികൃതരുമായി സംസാരിക്കുകയും കാര്യവട്ടം ക്യാമ്പസിൽ പ്രസ്തുത ഗ്രൗണ്ടിന് അനുയോജ്യമായ സ്ഥലം അനുവദിച്ച് നൽകാമെന്ന് യൂണിവേഴ്സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇപ്രകാരം Banked Track & Road Circuit നിർമ്മിക്കുന്നതിനായി 2025-26 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ? | (സി) | Banked Track & Road Circuit നിർമ്മിക്കുന്നതിനായി 2025-26 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. തുക വകയിരുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ